WEDNESDAY ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**21-07-2021**

## എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

**1. കർഷക അവാർഡിന് അപേക്ഷ നൽകുവാനുള്ള തീയതി ദീർഘിപ്പിച്ചു**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ രണ്ടായിരത്തിയിരുപത് വർഷത്തെ ജില്ലാ - സംസ്ഥാനതല കർഷക അവാർഡിനുള്ള അപേക്ഷകൾ കൃഷിഭവനുകളിൽ ലഭിക്കേണ്ട അവസാന തീയതി 31– 07– 2021 വരെ ദീർഘിപ്പിച്ചു. കർഷകഭാരതി, ഹരിതമുദ്ര എന്നീ അവാർഡുകൾക്കുള്ള അപേക്ഷകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം - 03 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം വഴി നടപ്പിലാക്കുന്ന "ശീതകാല പച്ചക്കറി കൃഷി"എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) ഈ മാസം 22 ന് ആരംഭിക്കുന്നു. സൗജന്യമായി നടപ്പിലാക്കുന്ന മലയാളത്തിൽ പരിശീലനം നൽകുന്ന ഈ കോഴ്സിൽ പഠിക്കാൻ താല്പര്യമുള്ളവർ ജൂലൈ 21 നകം പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ നിശ്ചിത ഫീസ് അടച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കാവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് 2021 ജൂലൈ 22 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

**ഓൺലൈൻ പരിശീലന പരിപാടികൾ**

3. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (ജൂലൈ 22 ന്) രാവിലെ 11 മണിക്ക് **കശുവണ്ടി മൂല്യ വർദ്ധിത ഉത്പന്നങ്ങളും സംരംഭകത്വ സാധ്യതകളും** എന്ന വിഷയത്തിൽ എഫ്.ഐ. ബി

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**21-07-2021**

കേരളയുടെ ഫേസ്ബുക്ക് പേജിലൂടെ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ – **9383470289**

4. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ്ങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (21.07.2021) 7 മണി മുതൽ 8 മണി വരെ **കന്നുകുട്ടി പരിപാലനം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. **സമേതി കേരളയുടെ** ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9349482600** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

5. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവകലാശാലയുടെ പൂക്കോട് വെറ്ററിനറി കോളേജിലെ വിജ്ഞാനവ്യാപന വിഭാഗവും സംരംഭകത്വ വിഭാഗവും സംയുക്തമായി ഇന്ന് (21-07-2021) വൈകിട്ട് 5 മണിക്ക് **ഹാച്ചറി എന്ന പുത്തൻ സംരംഭം** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. **9995213500** എന്നതാണ് സൂം (zoom) പ്ലാറ്റ്ഫോമിൽ നടത്തുന്ന പരിശീലനത്തിന്റെ ഐഡി. കൂടുതൽ വിവരങ്ങൾക്ക് **9446714462** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. പാലക്കാട് ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ ആർ എ റ്റി റ്റി സി, ഇന്ന് വൈകിട്ട് 6 മണിക്ക് **പച്ചക്കറി കൃത്യതാ കൃഷിയിൽ വളപ്രയോഗവും പുതയിടലും** എന്ന വിഷയത്തിൽ ഫേസ് ബുക്ക് ലൈവിലൂടെ പരിശീലനം നൽകുന്നു. https://www.facebook.com/groups/195289155105639/ എന്ന ഫേസ്ബുക്ക് പേജ് വഴി പരിശീലനത്തിൽ തത്സമയം പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9447684423** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. **കാർഷിക ഉത്പാദക്ഷമതയ്ക്ക് തേനീച്ച പരിപാലനം** എന്ന ലക്ഷ്യത്തോടെ കേരള ഹോർട്ടി കോർപ്പിന്റെ ആഭിമുഖ്യത്തിൽ ഇന്നു മുതൽ മൂന്നു ദിവസത്തെ സൌജന്യ തേനീച്ച വളർത്തൽ പരിശീലനം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**21-07-2021**

കോതമംഗലത്തു വച്ച് സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ **9447910989** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. **സംരഭകത്വവികസന പദ്ധതിയുടെ ഭാഗമായി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ്** ബോർഡിന്റെ സഹകരണത്തോടെ സെൻട്രൽ ഹാച്ചറിയിൽവച്ച് **ആദായകരമായ പാലുൽപാദനം, ആട് പരിപാലനം, പന്നി പരിപാലനം, ഫാം മാനേജ്മെന്റ്, ഡയറി പ്രോഡക്ട്സ്** തുടങ്ങിയ വിഷയങ്ങളിൽ കോവിഡ് നിയന്ത്രണങ്ങൾ മാറുന്ന മുറയ്ക്ക് കർഷകർക്ക് റസിഡൻഷ്യൽ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഈ മാസം 30-ന് മുമ്പായി **9188522703** എന്ന നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്

**കാർഷിക സർവ്വകലാശാല കൃഷി പരിപാലന നിർദ്ദേശങ്ങൾ**

9. കുരുമുളകിൽ ദ്രുതവാട്ട രോഗത്തിനുള്ള സാധ്യതയുള്ളതിനാൽ ചാണകവും വേപ്പിൻ പിണ്ണാക്കും ഇളക്കി ചേർത്ത് ട്രൈക്കോഡർമ വളർത്തിയെടുത്ത മിശ്രിതം ഒരു മൂടിന് അഞ്ചു കിലോഗ്രാം എന്ന തോതിൽ ഇട്ടുകൊടുക്കുക. ഇതിനായി 1 – 2 കിലോഗ്രാം ട്രൈക്കോഡർമ 90 കിലോഗ്രാം ചാണകപ്പൊടി 10 കിലോഗ്രാം വേപ്പിൻ പിണ്ണാക്ക് എന്നിവ കൂട്ടികലർത്തി വെള്ളം തളിച്ചിളക്കി തണലുള്ള സ്ഥലത്ത് ചെറു കൂനയാക്കി പോളിത്തീൻ ഷീറ്റുപയോഗിച്ച് മൂടിയിടുക. ഒരാഴ്ച്ചയ്ക്കുശേഷം ഈ മിശ്രിതം വീണ്ടും ഇളക്കി ആവശ്യത്തിന് വെള്ളം തളിച്ച് വീണ്ടും ചെറുകൂനയാക്കി ഒരാഴ്ച്ച കൂടെ മൂടിയിടുക. ഇപ്രകാരം തയ്യാറാക്കിയ മിശ്രിതം ഉപയോഗിക്കാവുന്നതാണ്.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**